# സംതൃപ്തിയുടെ ഉറവിടം വിശ്വാസ ദാർഢ്യം

عَنْ عَبْدُ اللّٰه ابن مَسْعُودٍ رَضِيَ اللّٰهُ عَنْهُ عن النبيّ صلّى اللّٰه عليه وسلّم قال: إنَّ اللّٰهَ عَزَّ وَجَلَّ بِقِسْطِهِ، جَعَلَ الْفَرَحَ وَالرَّوْحَ فِي الرِّضَا وَالْيَقِينِ وَجَعَلَ الْغَمَّ وَالْحُزْنَ فِي الشَّكِ وَالسُّخْطِ (رواه الطبراني فِى الْكبير والبيهقى فِى شعب الإيمان والهيثمي في مجمع الزوائد- 4/124)

**അബ്ദുല്ലാഹിബ്നു മസ്ഊദ് (റ) നിവേദനം ചെയ്യുന്നു: നബി (സ) പറഞ്ഞു: "അല്ലാഹു തന്റെ നീതിയാൽ സന്തോഷവും ആശ്വാസവും സംതൃപ്തിയുടെയും വിശ്വാസദാർഢ്യത്തിന്റെയും ഫലങ്ങളായി നിശ്ചയിച്ചിരിക്കുന്നു. വിഷാദവും ദുഃഖവും കോപത്തിന്റെയും സംശയത്തിന്റെയും ഫലങ്ങളായും നിശ്ചയിച്ചു"** (ത്വബറാനി ***കബീറി***ലും ബൈഹഖി ***ശുഅബുൽ ഈമാനി***ലും ഹൈഥമി ***മജ്മഉസ്സവാഇദി*** (4/124)ലും ഉദ്ധരിച്ച ഹദീസ്. ത്വബറാനിയുടെ നിവേദകരിൽ ഖാലിദുബ്നു യസീദിൽ ഉമരി വിമർശനവിധേയനാകുന്നു).

മനുഷ്യമനസ്സുമായും വിശ്വാസിയുടെ ജീവിതദർശനവുമായും ബന്ധപ്പെട്ട ഒരു യാഥാർഥ്യം വിശദമാക്കുകയാണ് നബി (സ) ഈ വചനത്തിലൂടെ. ജലപാനം ചെയ്താൽ അതിന്റെ ഫലമായി ദാഹശമനമുണ്ടാവും, ആഹാരം കഴിച്ചാൽ അതിന്റെ ഫലം വിശപ്പ് ഒടുങ്ങുക എന്നതാണ്. അതേപ്രകാരം, ആശ്വാസവും ആത്മഹർഷവും ഉണ്ടാവുന്നത് സംതൃപ്തിയുടെയും വിശ്വാസദാർഢ്യത്തിന്റെയും ഫലമായിട്ടാണെന്ന് പറയുകയാണ്. സ്വന്തത്തെക്കുറിച്ചും തന്റെ മനസ്സിനെക്കുറിച്ചും രക്ഷകനായ അല്ലാഹുവിനെക്കുറിച്ചും ഒരാൾ സംതൃപ്തനാണെങ്കിൽ ഇഹലോക ജീവിതത്തിൽ അത് തന്നെയാണ് അവനെ സന്തുഷ്ടനാക്കുന്ന ഘടകം. പരലോകത്ത് അല്ലാഹു നൽകുന്ന പ്രതിഫലത്തെക്കുറിച്ച ദൃഢവിശ്വാസം അവനെ ഭാവിയെക്കുറിച്ച് സംപ്രീതനാക്കും. വിശ്വാസികളുടെ പ്രത്യേകതയാണിത്.

വിഷാദത്തെയും ദുഃഖത്തെയും കോപവുമായും സന്ദേഹവുമായും ബന്ധിപ്പിച്ചിരിക്കുന്നു. കോപിഷ്ഠർക്കും സന്ദേഹികൾക്കും സന്തോഷത്തിന്റെ യഥാർഥ മാധുര്യം ആസ്വദിക്കാൻ കഴിയില്ല. അവരുടെ ജീവിതം ഇരുൾമുറ്റിയതും അന്ധകാരാവൃതവുമായിരിക്കും. ദുഃഖത്തിന്റെ ഘനാന്ധകാരം നീങ്ങി പുലരിയുടെ പൊൻകിരണങ്ങൾ അത്തരക്കാരെ കടാക്ഷിക്കുകയില്ല. സംശയമില്ലാതെ കോപമുണ്ടാകുന്നില്ല. കോപമുണ്ടാകുന്നിടത്ത് സംശയത്തിന്റെ നിഴലാട്ടം കാണാം. ഇബ്നുൽ ഖയ്യിം (റ) പറയുന്നു: ''ഹൃദയത്തിലുണ്ടാകുന്ന സംശയത്തിന്റെ നിഴലിൽനിന്ന് കോപിഷ്ഠന് രക്ഷപ്പെടാൻ കഴിയുക വിരളമാണ്. അവൻ തന്റെ മനസ്സിനെ ശരിയാംവണ്ണം പരിശോധിച്ചാൽ തന്റെ ദൃഢ ബോധ്യം രോഗാതുരമാണെന്നു കണ്ടെത്തും. സംതൃപ്തിയും വിശ്വാസദാർഢ്യവും പരസ്പരം ബന്ധിതമാകുന്നു. സന്ദേഹവും കോപവും വേർപിരിയാത്ത സൗഹൃദത്തിലുമായിരിക്കും'' (*മദാരിജുസ്സാലികീൻ* 2/208). കോപിഷ്ഠൻ ദുഃഖിതനും ഹൃദയമിടുങ്ങിയവനുമാണ്. അതവന് ഇഹലോക ജീവിതത്തിൽ ഇടുക്കം സമ്മാനിക്കുന്നു. എല്ലാറ്റിലും അവൻ അസ്വസ്ഥനായിരിക്കും. അത്തരക്കാർക്ക് പ്രവിശാലമായ ഭൂലോകം പോലും ഇടുങ്ങിയതായിരിക്കും.

വിശ്വാസികൾക്ക് ദുഃഖവും നിരാശയും ചിലപ്പോൾ അനുഭവപ്പെടാം. പക്ഷേ ഈമാനിന്റെ ഇളംകാറ്റിൽ അതുടനെ അപ്രത്യക്ഷമാകുന്നതാണ്. ഭൗതിക കാര്യങ്ങളിൽ ദുഃഖിക്കുന്നതിലേറെ അവർ പാരത്രിക ലോകത്തിന്റെ പേരിലായിരിക്കും ദുഃഖിക്കുക. പരലോക വിചാരം ഞെരുക്കത്തിൽനിന്നും കുടുസ്സിൽനിന്നും അവർക്ക് വിശാലത നൽകുന്നു. കോപത്തിന്റെ കാരണങ്ങളെയും ലക്ഷണങ്ങളെയും അവർ ആട്ടിയകറ്റുന്നു. അല്ലാഹു നബി(സ)യോട് പറയുന്നു: ''താങ്കൾ അവരുടെ പേരിൽ ദുഃഖിക്കേണ്ട. അവർ നടത്തിക്കൊണ്ടിരിക്കുന്ന കുതന്ത്രത്തെപ്പറ്റി താങ്കൾ മനഃപ്രയാസത്തിലാവുകയും വേണ്ട.'' മനുഷ്യരുടെ മാർഗഭ്രംശത്തെക്കുറിച്ചും അധാർമിക ജീവിതത്തെക്കുറിച്ചും ഓർത്തായിരിക്കും സത്യവിശ്വാസികൾക്ക് സ്വന്തത്തേക്കാളേറെ ദുഃഖമുണ്ടാവുക എന്നർഥം.

സ്രഷ്ടാവായ അല്ലാഹുവെക്കുറിച്ചും പരലോക ജീവിതത്തെക്കുറിച്ചും സന്ദേഹമുള്ളവൻ നിത്യനിരാശയിലായിരിക്കും. കോപവികാരമായിരിക്കും അവനെ നിയന്ത്രിക്കുക. സ്വന്തത്തോടും ഇതരരോടും സമൂഹത്തോടും കാലത്തോടും അവൻ കോപാകുലനായിരിക്കും. സ്വയം പഴിച്ച് കാലം കഴിക്കും. സംതൃപ്തി മനഃശാന്തി നേടിത്തരുന്നു. മനഃശാന്തി സൗഖ്യത്തിന്റെ നിമിത്തമാകുന്നു. സൗഭാഗ്യത്തിന്റെ രഹസ്യമിതാണ്. തനിക്ക് ദൈവം നിശ്ച

യിച്ചതിലും വിധിച്ചതിലുമവൻ സംപ്രീതനായിരിക്കും. ഏതൊരു കാര്യത്തിനു മുതിരുമ്പോഴും നന്മ തേടുന്ന പ്രാർഥന (ഇസ്തിഖാറത്തിന്റെ പ്രാർഥന) ചെയ്യാൻ പ്രവാചകൻ (സ) പഠിപ്പിച്ചതിന്റെ രഹസ്യം ഇതാകുന്നു. അവിടുന്ന് അരുളി: ''നന്മ തേടുന്ന പ്രാർഥന നടത്താനും ദൈവം തനിക്ക് വിധിച്ചതിൽ സംതൃപ്തിയടയാനും കഴിയാത്തവനാണ് നിർഭാഗ്യവാൻ'' (അഹ്മദ്, തിർമിദി). ഏതൊരു ഉദ്യമത്തിനും മുന്നോടിയായി ഇസ്തിഖാറത്ത് നടത്തുകയും ഉദ്യമം പൂർത്തീകരിച്ചുകഴിഞ്ഞാൽ സംതൃപ്തിയടയുകയും ചെയ്യുക വിശ്വാസിയുടെ മുഖമുദ്രയാകുന്നു.

സത്യവിശ്വാസി എപ്പോഴും സംതൃപ്തി അനുഭവിച്ചുകൊണ്ടിരിക്കും. അവന്റെ ഹൃദയം വിശാലവും മുഖം പ്രസന്നവുമായിരിക്കും. കാരണമവൻ ലോകസ്രഷ്ടാവായ അല്ലാഹുവിൽ അടിയുറച്ചുവിശ്വസിക്കുന്നവനാണ്. സംതൃപ്തി ദൈവാനുഗ്രഹമാണ്. അല്ലാഹുവിലുള്ള അചഞ്ചലമായ വിശ്വാസവും അവനുമായുള്ള നിരന്തര ബന്ധവുമാണത് നേടിത്തരുന്നത്. ''അല്ലാഹുവിനെ റബ്ബായും ഇസ്ലാമിനെ ദീനായും മുഹമ്മദ് നബിയെ റസൂലായും സംതൃപ്തിയടഞ്ഞവൻ ഈമാനിന്റെ രുചി ആസ്വദിച്ചു'' (മുസ്ലിം, തിർമിദി, അഹ്മദ്).

വിശ്വാസി തന്റെ നാഥന്റെ പൂർണതയിലും നീതിയിലും കാരുണ്യകടാക്ഷത്തിലും യുക്തിയിലും പൂർണസംതൃപ്തനായിരിക്കും. ആധിപത്യത്തിനുടയവൻ അല്ലാഹു മാത്രമാണെന്ന് വിശ്വസിക്കും. അനുഗ്രഹവും നന്മയുമെല്ലാം അല്ലാഹുവിൽനിന്നാണെന്നും വിശ്വസിക്കുന്നു. തനിക്ക് വല്ല വിപത്തോ ദുരിതമോ സംഭവിച്ചാൽ അത് തന്റെ തന്നെ വീഴ്ചയുടെ ഫലമായിട്ടാണെന്നവൻ വിചാരിക്കുന്നു. പ്രവാചകൻ ഇബ്റാഹീം (അ) നിർവഹിച്ച അതേ പ്രാർഥന അവൻ ആവർത്തിച്ചുകൊണ്ടിരിക്കും.

പ്രപഞ്ചത്തിലെ സകലതും സുഭദ്രമായി സൃഷ്ടിച്ച് സംവിധാനിച്ചിരിക്കുന്നു. അല്ലാഹുവിന്റെ ആസൂത്രണം അന്യൂനമാണ്. അതിന്റെ അടയാളങ്ങൾ അവൻ ദർശിക്കുന്നു. എല്ലാറ്റിനും വഴികാണിച്ചുകൊടുക്കുന്നവനും അല്ലാഹുതന്നെ. സകലവസ്തുക്കളിലെയും സൃഷ്ടിരഹസ്യവും പൊരുളും അറിഞ്ഞില്ലെങ്കിൽ തന്നെയും വിശ്വാസി സ്വയം പറയും: ''ഞങ്ങളുടെ നാഥാ, നീ നിരർഥകമായി സൃഷ്ടിച്ചതല്ല ഇത്. നീ എത്രയോ പരിശുദ്ധൻ'' (*ആലുഇംറാൻ* 191). സദാസമയവും അല്ലാഹുവിന്റെ സംരക്ഷണത്തിൽ വിശ്വാസി സന്തുഷ്ടനായിരിക്കും. അനുഗ്രഹം ലഭിക്കുമ്പോൾ അവൻ പ്രാർഥിക്കും: ''ആരുടെ അനുഗ്രഹങ്ങൾകൊണ്ട് സൽക്കർമങ്ങൾ പൂർത്തിയാകുന്നുവോ ആ അല്ലാഹുവിനു സർവസ്തുതി.'' സന്താപാവസരത്തിൽ അവൻ പ്രാർഥിക്കും; ''ഏതവസ്ഥയിലും അല്ലാഹുവിന് സ്തുതി.'' ●